**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86** **07-12-2022 - ൽ മറുപടിയ്ക്ക്**

**കെസ്-ന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ മുഴുവൻ യുവാക്കളെയും സംരംഭകരാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കേരള എംപവർമെന്റ് സൊസൈറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ യുവജനങ്ങൾക്ക് തൊഴിലവസരവും വരുമാനവും ഉപജീവനവും ലഭ്യമാക്കുന്നതിനായി രൂപം നൽകുന്നതിനായി നടപ്പാക്കുന്ന പദ്ധതിയാണ് എംപവർമെന്റ് സൊസൈറ്റികൾ. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം യുവതീ-യുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരായും തൊഴിൽദാതാക്കളായും മാറ്റുന്നതിനും ശരിയായ മാർഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും പിന്തുണയും നൽകി സ്വയംപര്യാപ്തരാക്കുന്നതിനുമായി 2022-23-ലെ നയപ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ സംരംഭങ്ങൾക്ക് വൻ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന അവസരങ്ങളിൽ ഗ്യാരന്റി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ; | (ബി) | സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. |
| (സി) | കെസ്-ന്റെ ഭാഗമായി ടാലന്റ് സെന്ററുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ